# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 07 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് 1
## യന്ത്ര പ്രദർശന മേളയ്ക്ക് തൃശൂരിൽ തിളക്കമാർന്ന തുടക്കം

വ്യവസായ വാണിജ്യ വകുപ്പ് തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിക്കുന്ന യന്ത്ര പ്രദർശന മേളക്ക് തിളക്കമാർന്ന തുടക്കം. ടി എൻ പ്രതാപൻ എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, കോർപറേഷൻ വാർഡ് കൗൺസിലർ എം എസ് സമ്പൂർണ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി മേള ഉദ്ഘാടനം ചെയ്തു. ഉൽപ്പാദന വ്യവസായ മേഖലക്ക് ഉണർവേകാൻ ഫെബ്രുവരി 10 വരെയാണ് മേള നടക്കുക. രാവിലെ 10 മുതൽ വൈകീട്ട് 7 വരെയാണ് പ്രദർശന സമയം. സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമിട്ട് അതിനൂതനമായ ആശയങ്ങളുടെയും സാങ്കേതിക വിദ്യയുടെയും പ്രദർശനമാണ് നടക്കുന്നത്.

കേരളത്തിനകത്തും പുറത്തും നിന്നുള്ള 112 മെഷിനറി ഉൽപ്പാദകരും വിതരണക്കാരും മേളയിൽ പങ്കെടുക്കുന്നുണ്ട്. 132 സ്റ്റാളുകളാണ് സജ്ജമാക്കിയിരിക്കുന്നത്. തമിഴ്നാടിൽ നിന്നും 18, കർണാടക -10, മഹാരാഷ്ട്ര -2 കേരളം -91, ഹരിയാനയിൽ നിന്നും ഒന്ന് എന്നിങ്ങനെ വിവിധ യന്ത്ര പ്രദർശന സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. ഇതിനു പുറമെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള രണ്ട് കോമൺ ഫെസിലിറ്റി സെന്ററുകൾ, സിപറ്റ്, സിഫ്ട്, കേന്ദ്ര എം എസ് എം ഇ മന്ത്രാലയത്തിന് കീഴിലെ ഏഴ് വ്യത്യസ്ത ടൂൾ റൂമുകൾ, സി ടി സി ആർ ഐ തുടങ്ങി 13 ടെക്നോളജി സ്ഥാപനങ്ങൾ പ്രദർശനത്തിനെത്തിയിട്ടുണ്ട്. 40000 ചതുരശ്ര അടിയിൽ പൂർണമായും ശീതീകരിച്ച പവലിയനാണ് ഒരുക്കിയിരിക്കുന്നത്. 9 ചതുരശ്ര മീറ്റർ വീതം വിസ്തീർണമുള്ള 132 മെഷിനറി സ്റ്റാളുകളിൽ ഒരുക്കിയിരിക്കുന്ന വിവിധങ്ങളായ യന്ത്രസാമഗ്രികൾ ആധുനികമായ സാങ്കേതിക വിവരങ്ങൾ സംരംഭകർക്ക് പകർന്നു നൽകും. സ്റ്റാർട്ടപ് സംരംഭങ്ങളുടെ വിവരങ്ങളും നൂതന ടെക്നോളജിയുടെ അവതരണങ്ങളും ബ്രാൻഡ് ഡെവലപ്പ്മെന്റ് അവതരണങ്ങളും ഇതോടനുബന്ധിച്ചുണ്ട്. സംരംഭകർക്ക് ആവശ്യമായ ഏഴ് വിഷയങ്ങളുടെ അവതരണം വിവിധ സെമിനാറുകളിലൂടെ നടക്കും. കലാപരിപാടികളും മേളയുടെ മാറ്റു കൂട്ടുന്നു. വ്യവസായ വാണിജ്യ ഡയറക്ടർ ബിജു കെ, എം എസ് എം ഇ ഡയറക്ടർ ഇൻ ചാർജ് പളനിവേൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ് സജി എസ്, ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എം ഖാലിദ്, സംരംഭകർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1. വ്യവസായ വകുപ്പിന്റെ യന്ത്ര പ്രദർശന മേള തൃശൂരിൽ ടി.എൻ പ്രതാപൻ എം പി ഉത്ഘാടനം ചെയ്യുന്നു***

# കുന്നംകുളം നഗരസഭയിൽ ആരോഗ്യ ജാഗ്രത; പരിശീലനം നൽകി

കുന്നംകുളം നഗരസഭയിൽ സമഗ്ര മാലിന്യ സംസ്ക്കരണം, ആരോഗ്യ പരിപാലനം എന്നീ വിഷയങ്ങളിൽ ആരോഗ്യ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി 37 വാർഡുകളിലും ക്ലസ്റ്റർ യോഗങ്ങൾ നടത്തുന്ന വളണ്ടിയർമാർക്കുള്ള പരിശീലനം നഗരസഭ കോൺഫറൻസ് ഹാളിൽ ചെയർപേഴ്സൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസസ്ഥിരം സമിതി അധ്യക്ഷ സുമ ഗംഗാധരൻ അധ്യക്ഷത വഹിച്ചു.

നഗരസഭാപ്രദേശത്തെ ഓരോ വാർഡിലും അറുപതോളം കുടുംബങ്ങളെ പങ്കെടുപ്പിച്ച് ക്ലസ്റ്റർ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തി. വാർഡ് കൗൺസിലർമാരുമായി ആലോചിച്ച് ക്ലസ്റ്റർ യോഗങ്ങൾ സംഘടിപ്പിയ്ക്കും. ഓരോ യോഗത്തിലും നഗരസഭയിലെ ജീവനക്കാരെത്തി ഉറവിട മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, കാർബൺ തുലിത കുന്നംകുളം, ഗ്രീൻ പ്രോട്ടോകോൾ, ശുചിത്വാരോഗ്യ സംരക്ഷണം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തും. പ്രകൃതി സംരക്ഷണത്തിന് പൊതുജനങ്ങളെ പങ്കാളികളാക്കുന്നതിന് ഒരോ വീട്ടുകാർക്കും ഓരോ തുണിസഞ്ചിയും സൗജന്യമായി നൽകും.

നഗരസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സമഗ്ര ശുചിത്വാരോഗ്യ മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏവരേയും പങ്കാളികളാക്കുമെന്ന് ചെയർപേഴ്സൺ പറഞ്ഞു. വൈസ് ചെയർമാൻ പി.എം.സുരേഷ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ ഗീതാ ശശി, മിഷ സെബാസ്റ്റ്യൻ, സെക്രട്ടറി കെ.കെ. മനോജ്, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. മണികണ്ഠൻ, ഹെൽത്ത് സൂപ്പർവൈസർ കെ.എസ്.ലക്ഷ്മണൻ എന്നിവർ സംസാരിച്ചു.

# ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

2019 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അപേക്ഷ ക്ഷണിച്ചു. ഹരിത വ്യക്തി അഥവാ ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷകൻ, നാടൻ സസ്യഇനങ്ങളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (സസ്യജാലം), നാടൻ വളർത്തു പക്ഷി മൃഗാദികളുടെ സംരക്ഷകൻ അഥവാ ജനിതക വൈവിധ്യ സംരക്ഷകൻ (ജന്തുജാലം), ജൈവവൈവിധ്യ ഗവേഷകൻ (വർഗീകരണ ശാസ്ത്രം (ടാക്സോണമി)സസ്യവിഭാഗം/സൂക്ഷ്മജീവികളും/കുമിളുകളും/ജന്തുവിഭാഗം), നാട്ടു ശാസ്ത്രജ്ഞൻ/ നാട്ടറിവ് സംരക്ഷകൻ (സസ്യ/ജന്തുവിഭാഗം), ഹരിത പത്ര പ്രവർത്തകൻ അഥവാ ജൈവവൈവിധ്യ പത്ര പ്രവർത്തകൻ (അച്ചടി മാധ്യമം), ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ അഥവാ ജൈവവൈവിധ്യ ദൃശ്യ/ശ്രവ്യ മാധ്യമ പ്രവർത്തകൻ (മലയാളം), മികച്ച ജൈവവൈവിധ്യ പരിപാലന സമിതി, ഹരിത വിദ്യാലയം അഥവാ ജൈവവൈവിധ്യ സ്കൂൾ, ഹരിത കോളേജ് അഥവാ ജൈവവൈവിധ്യ കോളേജ്, ഹരിത സ്ഥാപനം അഥവാ ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം (ഗവൺമെന്റ്), ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന അഥവാ ജൈവവൈവിധ്യ സംഘടന (എൻ ജി ഒ), മികച്ച ജൈവവൈവിധ്യ സ്ഥാപനം (വ്യവസായ സ്ഥാപനം - സ്വകാര്യമേഖല) എന്നീ മേഖലകളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്.

അപേക്ഷകളും അനുബന്ധ രേഖകളും ഫെബ്രുവരി 29 ന് മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, റ്റി.സി 4/1679 (1), നം.43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി ഒ, തിരുവനന്തപുരം -695003 എന്ന വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങളും അപേക്ഷയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0471 2724740.

# ഉത്സവത്തിന് ആനകളെ എഴുന്നള്ളിക്കുന്നത് നിബന്ധനകൾ പാലിച്ച് മാത്രം - കളക്ടർ

ഉത്സവങ്ങളോടനുബന്ധിച്ച് ജില്ലയിലെ ആനകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 20നുള്ളിൽ പൂർത്തിയാക്കണമെന്ന് കളക്ടർ എസ്. ഷാനവാസ് നിർദേശം നൽകി. ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന നാട്ടാന പരിപാലന ചട്ടം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം. ഉത്സവങ്ങളിൽ എഴുന്നള്ളിപ്പിന് കൊണ്ട് പോകുന്ന ആനകളുടെ ഡാറ്റാബാങ്ക് കൃത്യമായി ഉടമകൾ സൂക്ഷിക്കണം. ആനകളെ എഴുന്നള്ളിപ്പിന് കൊണ്ടുവരുമ്പോൾ ഒരാഴ്ച്ചയിലെ ആനയുടെ സഞ്ചാര രജിസ്റ്റർ പാപ്പന്മാർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണം.

ആനകളെ എവിടെ നിന്ന് കൊണ്ട് വരുന്നു, വിശ്രമിക്കാൻ ആനകൾക്ക് സമയം നൽകിയോ തുടങ്ങിയ കൃത്യമായ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റിപ്പോർട്ടായി നൽകണം. നിലവിലുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യാൻ സംസ്ഥാന തലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിന് ജില്ലയിലെ മന്ത്രിമാരുമായി സംസാരിക്കുമെന്ന് കളക്ടർ പറഞ്ഞു.

ജില്ലയിലെ ഉത്സവങ്ങൾ സുരക്ഷിതമായി നടത്തുന്നതിന്റെ ഭാഗമായി നാട്ടാന പരിപാലന ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. ഉത്സവ സമയങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്നതിൽ സ്വീകരിക്കേണ്ട സമയക്രമങ്ങളുടെ ഭാഗമായി രാവിലെ 11 മുതൽ ഉച്ചയ്ക്ക് 3 വരെ ആനകളെ എഴുന്നള്ളിക്കുന്നതിൽ കർശനമായ വിലക്കുണ്ടെന്നും ആനകളെ നിരയായി നിർത്തുമ്പോൾ മൂന്ന് മീറ്റർ അകലം നിർബന്ധമായും പാലിക്കണമെന്നും കൂടുതൽ സംരക്ഷണത്തിനായി ബാരിക്കേഡുകൾ ഉപയോഗിക്കണമെന്നും തീരുമാനമായി.

ചൂട് കൂടുതലുള്ള സാഹചര്യങ്ങളിൽ ആനകളുടെ കാലുകൾ ചൂടാകാതിരിക്കാൻ പന്തൽ, നനച്ച ചാക്കുകൾ വിരിക്കൽ എന്നിവ ഉൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. ആന പാപ്പാന്മാർ മദ്യപിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ ബ്രീത്ത് അനലൈസർ ഉപയോഗിക്കണമെന്നും ജില്ലാ കളക്ടർ എസ്. ഷാനവാസ് നിർദേശിച്ചു. കൂടാതെ കൂടുതൽ സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിന്റെ ഭാഗമായി എലിഫെന്റ് സ്ക്വാഡ് രൂപീകരിക്കേണ്ടതിനെക്കുറിച്ചും കളക്ടർ നിർദേശം നൽകി. ക്ഷേത്രങ്ങളിലെ ആചാരങ്ങൾ കൃത്യമായി പാലിച്ചായിരിക്കണം ആനകളെ നിയന്ത്രിക്കേണ്ടത്. എ സി എഫ് പി.എം.പ്രഭു,

എസ് ഐ കെ.കൃഷ്ണകുമാർ, എഡബ്ല്യൂ സി ഐ നോമിനി എം എൽ ജയചന്ദ്രൻ, കേരള ഫെസ്റ്റിവൽ കോർഡിനേഷൻ കമ്മിറ്റി ജനറൽ സെക്രട്ടറി വത്സൻ ചെമ്പക്കര, സംസ്ഥാന ആനത്തൊഴിലാളി യൂണിയൻ സെക്രട്ടറി പി.എം.സുരേഷ്, ഫയർ ആന്റ് റസ്ക്യൂ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# തെച്ചിക്കോട്ട്കാവ് രാമചന്ദ്രന്റെ ആരോഗ്യനില പരിശോധിക്കും

ഒരു വർഷമായി വിലക്കിൽ നിൽക്കുന്ന തെച്ചിക്കോട്ടുകാവ് രാമചന്ദ്രന്റെ വിലക്ക് നീക്കുന്നതിനും ഉത്സവങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും ആരോഗ്യനില പരിശോധിക്കാൻ മെഡിക്കൽ സംഘത്തെ നിയോഗിച്ചു. വെറ്ററിനറി ഡോക്ടർമാരായ ഡോ. ശ്യാം വേണുഗോപാൽ, ഡോ. ഡേവിഡ് ഏബ്രഹാം, ഡോ. സോജി എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തുക. ഒരാഴ്ച്ചക്കുള്ളിൽ റിപ്പോർട്ട് നൽകാൻ കളക്ടർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 15 ന് തീരുമാനം അറിയിക്കുമെന്നും കളക്ടർ പറഞ്ഞു.

# ബജറ്റിൽ ഇടം പിടിച്ച് മുസിരിസ് പൈതൃക പദ്ധതി; 2020-21ൽ കമ്മീഷൻ ചെയ്യും

2020 ലെ ബജറ്റിൽ സ്ഥാനം പിടിച്ച് മുസിരിസ് പൈതൃക പദ്ധതി. പദ്ധതി 2020-21 ൽ കമ്മീഷൻ ചെയ്യുമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് ബജറ്റവതരണത്തിനിടെ പ്രഖ്യാപിച്ചു. സ്പൈസസ് റൂട്ട് പദ്ധതിയുടെ സാധ്യതകൾ എടുത്തുപറഞ്ഞാണ് അദ്ദേഹം മുസിരിസ് പൈതൃക പദ്ധതിയിലേക്ക് എത്തിയത്. തുറമുഖ പട്ടണങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പൈതൃക സംരക്ഷണ പദ്ധതികൾ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. മുസിരിസ് പൈതൃക പദ്ധതി കേവലം ടൂറിസം പദ്ധതി അല്ല. ചരിത്രസ്മാരകങ്ങളിലൂടെയുള്ള ഒരു ചരിത്ര പഠന യാത്ര കൂടിയാണ്. ഇതിന് സ്കൂൾ പഠന സംഘങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മുസിരിസ് കമ്പനിയുടെ ലാഭം പ്രയോജനപ്പെടുത്തും. ചൈനയുടെ സിൽക്ക് റൂട്ട് പോലെ കേരളത്തിലെ പുരാതന കാലം മുതലുള്ള രാജ്യാന്തര യാത്രയാണ് സ്പൈസ് റൂട്ട് സർക്യൂട്ടിലെ പ്രമേയം. യുനെസ്കോ ഇതിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ പൈതൃക പദ്ധതിയ്ക്ക് പുതിയ മാനം കൈവരും. നിലവിൽ 50 കോടിയുടെ പദ്ധതികളാണ് ഇതിന് കീഴിൽ പണി പൂർത്തീകരിക്കുന്നത്. കമ്മീഷൻ ചെയ്യുന്നതോടെ 40 കോടി കൂടി പദ്ധതിയ്ക്കായി അനുവദിച്ചു കിട്ടും. മുനയ്ക്കൽ ബീച്ച് സൗന്ദര്യവത്കരണം, ബൈപ്പാസ് സൗന്ദര്യവത്കരണം എന്നിവ കമ്മീഷൻ ചെയ്യുന്നതോടെ പൂർത്തിയാകും. കനാൽ ഹൗസ്, കൊടുങ്ങല്ലൂർ ടെമ്പിൾ മ്യൂസിയം, ചേരമാൻ പള്ളി, കനാൽ ഹൗസ്, പതിനെട്ടരയാളം കോവിലകം, ഹോളി ക്രോസ് ചർച്ച്, മാർത്തോമ ക്രിസ്ത്യൻ ലൈഫ് മ്യൂസിയം, ഗോതുരുത്ത് ചവിട്ട് നാടക മ്യൂസിയം എന്നിങ്ങനെ വിവിധ പദ്ധതികളാണ് ഇതിന് കീഴിൽ പണി പൂർത്തീകരിക്കുന്നത്.

മുസിരിസ് എന്ന പഴയകാല തുറമുഖനഗരത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തുടങ്ങിയ പൈതൃകസംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക സംരക്ഷണ പദ്ധതിയായാണിത്. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുതൽ എറണാകുളം ജില്ലയിലെ പറവൂർ വരെയുള്ള പ്രദേശങ്ങളാണ് പദ്ധതിയുടെ പരിഗണനയിൽ വരുന്ന പ്രധാന ഇടങ്ങൾ. കേരള സർക്കാരിന്റെ ആദ്യ ഹരിതപദ്ധതി എന്ന സവിശേഷതയും ഇതിനുണ്ട്. കേരള ടൂറിസം വകുപ്പിനാണ് പദ്ധതിയുടെ ചുമതല. നിരവധി സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

# വാഴക്കോട് പച്ചക്കറി സംഭരണ- വിതരണ കേന്ദ്രം ആരംഭിക്കും

മുള്ളൂർക്കര പഞ്ചായത്തിൽ വാഴക്കോട് കൃഷിവകുപ്പിന്റെ കീഴിൽ പച്ചക്കറി സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കുമെന്ന് യു.ആർ. പ്രദീപ് എം.എൽ.എ യുടെ സബ്മിഷന് കൃഷിവകുപ്പ് മന്ത്രി വി.എസ്.സുനിൽകുമാർ നിയമസഭയിൽ മറുപടി നൽകി. വാഴക്കോട് പ്രദേശത്ത് റവന്യൂവകുപ്പിന്റെ അധീനതയിലുള്ളതും ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നതുമായ സ്ഥലത്താണ് സംഭരണശാല ആരംഭിക്കുന്നത്. സ്ഥലം തികച്ചും അനുയോജ്യമാണെന്നും ഈ സ്ഥലം കൃഷിവകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കൈമാറി കിട്ടുന്ന മുറയ്ക്ക് ഈ സർക്കാരിന്റെ ഭരണ കാലാവധിയിൽ തന്നെ കൃഷി വകുപ്പ് മുഖേന ശീതീകരണ സംവിധാനമടക്കമുള്ള പച്ചക്കറി സംഭരണ - വിതരണ കേന്ദ്രം സ്ഥാപിക്കുമെന്നും സബ്മിഷനുള്ള മറുപടിയിൽ മന്ത്രി വ്യക്തമാക്കി.

നല്ല രീതിയിൽ പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ കൃഷി രീതി പിൻതുടരുന്ന നിരവധി കർഷകരും, ഭൗമസൂചിക പദവി ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രക്കായയുടെ പ്രധാന ഉൽപ്പാദനകേന്ദ്രവും ഉള്ള ചേലക്കര നിയോജക മണ്ഡലത്തിൽ

കർഷകർക്ക് ന്യായമായ വില ലഭിക്കാൻ സംഭരണകേന്ദ്രത്തിലൂടെ അവസരമൊരുക്കുക യാണെന്നും മന്ത്രി പറഞ്ഞു.

## സ്ത്രീകൾക്ക് സഹായമായി നാനോ മോഡൽ ഇൻസിനറേറ്റർ

സ്ത്രീകൾക്ക് ഏറെ സഹായകരമായി നാനോ മോഡൽ ഇന്ധന രഹിത ഇൻസിനറേറ്റർ വിപണിയിൽ. സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആർത്തവ കാലത്ത് ശുചിത്വം പാലിക്കാൻ സാനിറ്ററി നാപ്കിൻ അടങ്ങിയ നാപ്കിൻ വെൻഡിങ് മെഷീന്റേയും അവയെ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യാൻ സഹായിക്കുന്ന നാപ്കിൻ ഇന്സിനറേറ്ററിന്റെയും പ്രദർശനവും വിൽപ്പനയും യന്ത്ര പ്രദർശന മേളയിൽ ഒരുക്കിയിരിക്കുന്നു. തേക്കിൻകാട് മൈതാനിയിൽ നടക്കുന്ന മെഷിനറി എക്സ്പോ സ്റ്റാൾ 117 ലാണ് ഈ നാനോ മോഡൽ ഒരുക്കിയിരിക്കുന്നത്. ഫ്ളാറ്റുകളിലും വീടുകളിലും മാലിന്യ സംസ്കരണം വെല്ലുവിളി നേരിടുന്ന ഈ കാലത്ത് ഇന്ധന രഹിത നാനോ മോഡൽ ഇൻസിനറേറ്റർ ഏറെ പ്രയോജനപ്രദമാണ്. സ്ത്രീകളുടെ ആരോഗ്യശുചിത്വത്തിനും പരിസര മലിനീകരണം ഇല്ലാതാക്കുന്നതിനും ഈ ഉപകരണത്തിന് കഴിയും. നാപ്കിനുകൾ ടോയ്‌ലറ്റുകൾ വഴി നിക്ഷേപിക്കുന്നതും പൊതു സ്ഥലങ്ങൾ, ഓടകൾ, തോടുകൾ, പുഴകൾ എന്നിവിടങ്ങളിൽ വലിച്ചെറിയുന്നതും വലിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നതും ഇതിലൂടെ ഒഴിവാക്കാൻ കഴിയും.

യാതൊരു തരത്തിലുള്ള ഇന്ധനവും ഇതിന് ആവശ്യമില്ല. വളരെ കുറച്ച് സ്ഥലം മാത്രമേ ഇതിന് ആവശ്യമുള്ളു. തറയിലോ ബിൽഡിംഗിന്റെ മുകളിലോ ഇത് സ്ഥാപിക്കാം. ഇൻസിനറേറ്ററിന്റെ വിവിധ മോഡലുകൾ വീടുകൾക്കും വലിയ സ്ഥാപനങ്ങൾക്ക് ആവശ്യമായതും ലഭ്യമാണ്. ചൂട് വെള്ളം ലഭ്യമാക്കുന്ന ഇൻസിനറേറ്ററും, ഏതുതരം മാലിന്യവും നിർമാർജ്ജനം ചെയ്യാവുന്ന തരത്തിലുള്ളതുമായ മെഷീനുകളും ലഭ്യമാണ്. ഹോട്ടൽ, ആശുപത്രികൾ, ഓഡിറ്റോറിയം, ഫ്ളാറ്റ്, വീടുകൾ, തീയേറ്റർ, ബാങ്ക്, അപ്പാർട്ട്മെന്റ്, ഷോപ്പിംഗ് മാൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, ഹോസ്റ്റൽ, ക്ലിനിക്, ഫാക്ടറീസ്, സൂപ്പർ മാർക്കറ്റ് എന്നിങ്ങനെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്ന തരത്തിലാണ് ഇൻസിനറേറ്ററുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. കണ്ണൂർ ആസ്ഥാനമായുള്ള സ്റ്റാർട്ടപ് സംരംഭകരാണ് ഈ നൂതന ആശയവുമായി മേള കീഴടക്കുന്നത്.

## അനുജാതിന്റെ 'അമ്മയും അയൽപക്കത്തെ അമ്മമാരും' ജെൻഡർ ബജറ്റ് അവലോകന റിപ്പോർട്ടിൽ

അനുജാതിന്റെ 'അമ്മയും അയൽപക്കത്തെ അമ്മമാരും' ജെൻഡർ ബജറ്റ് അവലോകന റിപ്പോർട്ടിന്റെ മുഖചിത്രമാകും. കേരള ബജറ്റ് അവതരണത്തിനിടെ ധനമന്ത്രി ഡോ. തോമസ് ഐസക്കാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. രാപകൽ അധ്വാനിക്കുന്ന അമ്മമാരെ പ്രതിനിധീകരിച്ച് അനുജാത് വരച്ച 'എന്റെ അമ്മയും അയൽപക്കത്തെ അമ്മമാരും' എന്ന ചിത്രത്തിന് ശങ്കേഴ്സ് രാജ്യാന്തര പുരസ്കാരം ലഭിച്ചതിന് പിന്നാലെയാണ് ഈ നേട്ടം. ചിത്രത്തിന്റെ നിറക്കൂട്ടും മുഗൾശൈലിയെ അനുസ്മരിപ്പിക്കുന്ന കോമ്പോസിഷനും നമ്മുടെ കണ്ണുകളെ ആകർഷിക്കും. പക്ഷേ, എന്റെ മനസ്സിൽ തട്ടിയത് അതല്ല, അമ്മയുടെയും അയലത്തെ അമ്മമാരുടെയും കാണാപ്പണികളാണ് അനുജാത് ചിത്രീകരിച്ചത്. ബജറ്റിനിടയിൽ മന്ത്രി അനുജാതിനെ അഭിനന്ദിച്ചത് ഇപ്രകാരമാണ്. ചുവന്ന പാവാടയും വെള്ള ബ്ലൗസും ധരിച്ച് വിവിധ ജോലികളിൽ രാപകലില്ലാതെ ജോലി ചെയ്യുന്ന സാധാരണക്കാരായ സ്ത്രീകളുടെ ചിത്രമാണ് 'എന്റെ അമ്മയും അയൽപക്കത്തെ അമ്മമാരും'.

തൃശ്ശൂർ ദേവമാതാ സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയും ചെമ്പുക്കാവ് കുണ്ടുവാര സ്വദേശിയും ചിത്രകാരനായ വിനയ് ലാലിന്റെ ഇളയ മകനുമായ അനുജാത് സിന്ധു ലാലിനെ തേടി ഇതാദ്യമായല്ല അംഗീകാരം എത്തുന്നത്. 2014ൽ പ്രഥമ ക്ലിന്റ് മെമ്മോറിയൽ ഇന്റർനാഷണൽ അവാർഡും കേന്ദ്ര ശിശുവികസന മന്ത്രാലയത്തിന്റെ പുരസ്കാരവും അനുജാതിനായിരുന്നു. എൽ കെ ജി മുതൽ ചിത്രരചനയിൽ പ്രാവീണ്യം തെളിയിച്ച അനുജാത് വരയിൽ പകർത്താൻ ശ്രമിച്ചത്

ചുറ്റുപാടുകളെയാണ്. അതുകൊണ്ടുതന്നെ അവന്റെ വരകളിൽ മുക്കുറ്റിയും മത്തനിലയും ചേമ്പും അതിന്റെ പൂക്കളും ഇലകളും ആടുകളും മറ്റ് നാടൻ ജീവികളും നിറഞ്ഞു നിന്നു. അനുജാത് കണ്ട അമ്മക്കാഴ്ചകളിൽ നിറയെ ഭാവനയുടെ നിറപ്പകിട്ടിനേക്കാൾ യാഥാർഥ്യത്തിന്റെ കടുംപച്ച നിറങ്ങളാണ്. കലയെ പ്രോത്സാഹിപ്പിച്ചിരുന്ന അമ്മ ഇക്കഴിഞ്ഞ നവംബറിലാണ് ഹൃദയസംബന്ധിയായ അസുഖത്തെ തുടർന്ന് മരണമടഞ്ഞത്. ഒമ്പതാമത്തെ വയസ്സിൽ ഈ ചിത്രം അനുജാത് വരച്ചത് മൽസരങ്ങളിൽ പങ്കെടുക്കാനായിരുന്നില്ല, സ്വന്തം അമ്മയോടുള്ള അഗാധമായ സ്നേഹം കാരണമാണ്. മത്സരമല്ല കലയുടെ അടിസ്ഥാനമെന്ന് ഡിസൈനറായ അച്ഛൻ വിനയ്ലാലും അനുജാതിന് പറഞ്ഞുകൊടുത്തിരുന്നു. അതിനാൽ മൂന്നുവർഷമായി ചിത്രരചനാ മത്സരങ്ങളിൽ പങ്കെടുക്കാറില്ല. പതിന്നാലുകാരൻ അനുജാത് സിന്ധു വിനയ്ലാലിന്റെ പേരിനൊപ്പം അമ്മയുടെയും അച്ഛന്റെയും പേരുണ്ട്. 2021ൽ കലയുടെ ആനന്ദം എന്ന പേരിൽ കുട്ടികളുടെ ക്യാമ്പയിൻ നടത്താനുള്ള ശ്രമത്തിലാണ് അനുജാത്. കൂടാതെ ഈ വർഷം ഏപ്രിൽ-മെയ് മാസങ്ങളിൽ 'എനിക്ക് ചുറ്റും എന്തെല്ലാം കാഴ്ചകൾ' എന്ന പേരിൽ തൃശൂർ ലളിതകലാ അക്കാദമിയിൽ ലൈവ് ചിത്രപ്രദർശനവും സംഘടിപ്പിക്കുന്നുണ്ട്.

***ഫോട്ടോ അടിക്കുറിപ്പ്:***

***1 അനുജാത് തന്റെ ചിത്രങ്ങൾക്കൊപ്പം***

***2 അനുജാതിന്റെ ജെൻഡർ ബജറ്റ് ചിത്രം***

# അമച്വർ നാടകങ്ങൾ ഇനി ഉയിർത്തെഴുന്നേൽക്കും

പ്രതിസന്ധിയിൽ നിൽക്കുന്ന അമച്വർ നാടകങ്ങൾക്ക് പുതുജീവൻ നൽകുന്ന ബഡ്ജറ്റാണ് നിയമസഭയിൽ ധനമന്ത്രി അവതരിപ്പിച്ചത്. സാമൂഹ്യ പ്രശ്ന കൈകാര്യം ചെയ്യുന്ന അമച്വർ നാടകങ്ങളുടെ എണ്ണം ഓരോ കൊല്ലം തോറും കുറഞ്ഞ് വരികയാണ്. നല്ല നാടകങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിന് മലയാള നാടകസംഘങ്ങൾക്ക് വലിയ നിർമ്മാണച്ചിലവ് വരുന്നുണ്ട്. അതിൽ ഒരോ വർഷവും അമച്വർ നാടകങ്ങളുടെ എണ്ണം കുറഞ്ഞ് വരികയാണ്.

സാമ്പത്തിക പ്രശ്നത്തിൽ നിന്ന് കരകയറാൻ ബഡ്ജറ്റിൽ തുക മാറ്റി വച്ചത് ഇവർക്ക് സഹായകമാവും. അമച്വർ നാടകങ്ങളുടെ ആകെ ചിലവിൽ ഒരു ഭാഗം കേരള സംഗീത നാടക അക്കാദമിക്ക് ഇതോടെ നൽകാൻ കഴിയും. ആനുകാലിക പ്രസക്തിയുള്ള നാടകങ്ങൾ ഉടലെടുക്കുന്നതിനും സ്റ്റേജിൽ മാത്രം ഒതുങ്ങി നിൽക്കുന്ന നാടകങ്ങളിൽ നിന്ന് പൊതുവേദിയിൽ അമച്വർ നാടകങ്ങൾ എത്തിക്കാനും കഴിയും.

അമച്വർ നാടകങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി മൂന്ന് കോടിയാണ് അധികമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന നാടകത്തിന് പരമാവധി അഞ്ചുലക്ഷം ലഭിക്കും.

**തുടരും**